**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5750** **08-11-2021 - ൽ മറുപടിയ്ക്ക്**

**ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് വെള്ളൂർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഏറ്റെടുത്ത വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിൻറ് ലിമിറ്റഡിന്റെ നിലവിലെ സ്ഥിതി എന്താണെന്നും കമ്പനിയിലെ തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണം ലഭ്യമാകുമോയെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ ഏറ്റെടുത്ത എച്ച്.എൻ.എല്ലിന്റെ പുന:സംഘടനയുടെ ഭാഗമായി സർക്കാർ താഴെ പറയുന്ന കാര്യങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു പുന:സംഘടനയുമായി ബന്ധപ്പെട്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. കേരള പേപ്പർ പ്രൊഡക്ട്സ് എന്ന പേരിലുള്ള കമ്പനിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സർക്കാർ ഒരു സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. തുടർ പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കമ്പനി പ്രവർത്തിപ്പിക്കുമെന്ന് കേരള സർക്കാർ എൻ.സി.എൽ.ടി. കോടതിയിൽ കൊടുത്ത സത്യവാങ്മൂലം പ്രാവർത്തികമാക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ എൻ.സി.എൽ.റ്റി കൊച്ചി ബെഞ്ചിൽ സമർപ്പിച്ച റെസല്യൂഷൻ പ്ലാൻ പ്രകാരം എച്ച്.എൻ.എൽ ഏറ്റെടുക്കുന്നതിന് 145.60 കോടി രൂപയുടെ പദ്ധതിയാണ് സമർപ്പിച്ചത്. ഈ പദ്ധതിക്ക് എൻ.സി.എൽ.റ്റി അംഗീകാരം നൽകുകയും പ്രസ്തുത തുക ധനകാര്യ സ്ഥാപനങ്ങൾ, തൊഴിലാളികൾ എന്നിവർ അടങ്ങുന്ന ഫിനാൻഷ്യൽ ക്രഡിറ്റേഴ്സിനും (financial creditors) മറ്റ് ഓപ്പറേഷണൽ ക്രഡിറ്റേഴ്സിനും (operational creditors) വിതരണം ചെയ്തു കഴിഞ്ഞു. |
| (സി) | സർക്കാർ കമ്പനി ഏറ്റെടുത്ത് ഒൻപത് മാസം കഴിഞ്ഞിട്ടും ഔദ്യോഗികമായി ഒരു മീറ്റിംഗും വിളിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (സി) | എച്ച്.എൻ.എൽ പുനരുദ്ധാരണ ബോർഡ് പുനസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. HNLന്റെ പുനരുദ്ധാരണം സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ ചർച്ചകൾ നടന്നു വരുന്നു. ഇതുമായി ബന്ധപ്പെട്ട രൂപരേഖ തയ്യാറാക്കുന്ന മുറക്ക് ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തി അതിനനുസരിച്ചുള്ള തീരുമാനം കൈകൊള്ളുന്നതാണ്. |
| (ഡി) | തൊഴിലാളികൾക്ക് കിട്ടാനുള്ള ശമ്പളം, പി.എഫ്., ഗ്രാറ്റുവിറ്റി എന്നിവ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര | (ഡി) | എൻ.സി.എൽ.റ്റി കൊച്ചി ബെഞ്ച് അംഗീകരിച്ച റെസല്യൂഷൻ പ്ലാൻ പ്രകാരം മൊത്തം 145.60 |

| | | | |
|---|---|---|---|
| | ശതമാനം നൽകിയെന്ന് വ്യക്തമാക്കാമോ; ബാക്കി നൽകുന്നതിന്റെ നടപടികൾ എന്തായെന്ന് അറിയിക്കാമോ; | | കോടി രൂപ സർക്കാർ കിൻഫ്ര മുഖാന്തിരം ഫിനാൻഷ്യൽ ക്രഡിറ്റേഴ്സിനും ഓപറേഷണൽ ക്രഡിറ്റേഴ്സിനും വിതരണം ചെയ്തു കഴിഞ്ഞു. അത് പ്രകാരം workmen, trainee, secured financial creditors പി.എഫുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് 35.13 % വും employees, unsecured creditors എന്നീ വിഭാഗത്തിൽപെട്ടവർക്ക് 16.31 % വും വച്ച് തുക വിതരണം ചെയ്തു കഴിഞ്ഞു. എൻ.സി.എൽ.റ്റി അംഗീകരിച്ചു പ്രകാരമുള്ള ബാധ്യതകൾ നൽകിയാണ് സർക്കാർ കമ്പനി ഏറ്റെടുത്തിരിക്കുന്നത്. |
| (ഇ) | കമ്പനി പുനരാരംഭിക്കാൻ സർക്കാർ തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | കേരള പേപ്പർ പ്രൊഡക്ട്സ് എന്ന പുതിയ കമ്പനി പ്രവർത്തനം ആരംഭിക്കാനുള്ള പദ്ധതി തയ്യാറാക്കുന്നുണ്ട്. ഇതിനായി എൻ.സി.എൽ.റ്റി അംഗീകരിച്ച പ്ലാനിൽ 55 കോടി രൂപ മെഷീനുകളുടെ റിപെയർ & മെയിന്റനൻസിനു കൂടാതെ അധികമായി 70.89 കോടി രൂപ കമ്പനി പ്രവർത്തനം ആരംഭിച്ച് 6 മാസത്തിനുള്ളിൽ മൂലധനമായിട്ടും റെസല്യൂഷൻ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ